# ചെമ്പ് ഗ്രാമപഞ്ചായത്ത്
## ISO 9001:2015 CERTIFIED OFFICE
ബ്രഹ്മമംഗലം.പി.ഒ, വൈക്കം,കോട്ടയം, പിൻ:686605

**PHONE:04829 273123,Email:chempugp@gmail.com, www.lsgkerala.in/chempupanchayat**


SCD-225/26 30.07.2026

# ദർഘാസ് പരസ്യം

ചെമ്പ് ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയില് ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്ന താഴെ പറയുന്ന പ്രവൃത്തി ചെയ്യുന്നതിന് അംഗീകൃത സ്ഥാപനം/ ഏജൻസി/ കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകള് ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടർ ഫോറം 14.08.2026 ഉച്ചയ്ക്ക് 1 മണിവരെ വിതരണം നടത്തുന്നതാണ്. ടെണ്ടറുകൾ 14.08.2026 തീയതി ഉച്ചയ്ക്ക് 3 വരെ സ്വീകരിക്കുന്നതായിക്കും. ലഭിക്കുന്ന ടെണ്ടറുകൾ 14.08.2026 തീയതി 4 മണിയ്ക്ക് പരിശോധിക്കുന്നതായിരിക്കും. ടി ദിവസം എന്തെങ്കിലും കാരണവശാൽ അവധിയാകയാൽ ടി സമയ ക്രമത്തില് തന്നെ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടര് നടപടികൾ പൂർത്തിയാക്കുന്നതാണ്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | നിരത ദ്രവ്യം | ഫോറം വില GST 18% | കാലാവധി |
|---|---|---|---|---|---|---|---|
| 1. | 07/27 | ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>1. Automatic LED Street Light Set 30 Watts, 36 watts<br>2. Long Life LEDs Fitted with individual Lenses<br>3. Operating Volatage Between 140-270 AC<br>4. Built in Surge/ Lightning Protection upto 6 KV<br>5. Aluminium Pressure Die Cast Body with IP 66 Protection<br>6. Manufactured in ISO 9001:2015 Certified Facility<br>7. 1, 2, 3 or More Years Warranty<br>8. BIS Approval Required | സെക്രട്ടറി | 300000/- | 7500/- | 500+GST | 2 മാസം |
| 2. | 62/27 | സോളാർ ലൈറ്റുകൾക്ക് എ.എം.സി | സെക്രട്ടറി | 150000/- | 3750/- | 500+GST | 2 മാസം |

07/27 –Specifications

1. Automatic LED Street Light Set 30 Watts, 36 watts
2. Long Life LEDs Fitted with individual Lenses
3. Operating Voltage Between 140-270 AC
4. Built in Surge/ Lightning Protection upto 6 KV
5. Aluminium Pressure Die Cast Body with IP 66 Protection
6. Manufactured in ISO 9001:2015 Certified Facility
7. 1, 2, 3 or More Years Warranty
8. BIS Approved Light

## ലൈറ്റുകൾ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങള്

- ഒട്ടോമാറ്റിക് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് 30, 36 വാട്ട്സിലുള്ളവ പോസ്റ്റിൽ സ്ഥാപിച്ച് നൽകുന്നതിന് കെ.എസ്.ഇ.ബിയിൽ അടക്കേണ്ട സൂപ്പർ വിഷന് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഓരോ വാട്ട്സിലുള്ളതിനും ടെണ്ടറില് രേഖപ്പെടുത്തണം. ഓരോന്നിൻറെയും തുക പ്രത്യേകമായി വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
- ലൈറ്റുകളുടെ വാറണ്ടി ഒരു വർഷം, രണ്ട് വർഷം, മൂന്ന് വർഷം എന്നിങ്ങനെ പ്രത്യകമായി നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.
- പഞ്ചായത്തിലെ വിവിധ വാർഡുകളില് സ്ഥാപിക്കുന്ന ലൈറ്റുകള് വാറണ്ടി കാലയളവിനുള്ളിൽ കേടുവന്നാല് പഞ്ചായത്തില് നിന്ന് വിളിച്ച് അറിയിച്ച ശേഷം 7 ദിവസത്തിനുള്ളിൽ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഓരോ ലൈറ്റിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുന്ന നിരക്കിലുള്ള ഫൈന് കരാറെടുക്കുന്ന വ്യക്തി/ സ്ഥാപനം അടക്കേണ്ടതാണ്.
- കരാർ ലഭിക്കുന്ന വ്യക്തി/ സ്ഥാപനം ആകെ കരാർ തുകയുടെ 10 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. കരാറുകാരൻറെ അപാകതകൾമൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെയോ, കെ.എസ്.ഇ.ബിയുടെയോ വസ്തുവകകൾക്കുണ്ടാകുന്ന തകരാറുകൾ/ നഷ്ടങ്ങൾ, തെരുവ് വിളക്കുകള് കത്തിക്കുന്നതുമായി ബന്ധപ്പെട്ട താമസം മൂലം ഉളവാകുന്ന പിഴകൾ തുടങ്ങിയവയ്ക്കുള്ള തുക സെക്യൂരിറ്റി ഡെപ്പോസിറ്റില് നിന്ന് വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. കരാർ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്കോ, കരാര് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്കോ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പലിശയില്ലാതെ, ക്ലെയിമുകൾ ഉണ്ടെങ്കില് ആയത് കുറച്ച ശേഷം ബാക്കി കരാറുകാരന് മടക്കി നൽകുന്നതാണ്.
- ടെണ്ടർ ലഭിക്കുന്ന വ്യക്തി/ സ്ഥാപനം ലൈറ്റുകള് സ്ഥാപിച്ചതിന് ശേഷം വാറണ്ടി കാലയളവിൽ കൃത്യമായി സർവ്വീസ്/ ലൈറ്റുകളുടെ റീപ്ലെയ്സ്മെന്റ് ലഭ്യമാക്കാതിരുന്നാൽ, സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതും, തുടർ നടപടികള് സ്വീകരിക്കുന്നതുമായിരിക്കും.
- **ലൈറ്റുകളുടെ പ്രവർത്തനക്ഷമത തെളിയിക്കുന്നതിനുള്ള ടെസ്റ്റ് റിപ്പോർട്ട് ടെണ്ടറിനോടൊപ്പം സമർപ്പിക്കണം.**
- **വിവിധ പഞ്ചായത്തുകളിൽ താങ്കളുടെ സ്ഥാപനത്തിൻറെ ലൈറ്റുകള് സ്ഥാപിച്ചിട്ടുള്ള എക്സ്പീരിയൻസ് ഉള്ളപക്ഷം ആയത് ടെണ്ടറിനോടൊപ്പം സമർപ്പിക്കുക.**
- **ലൈറ്റുകളുടെ സാമ്പിളുകള് ടെണ്ടറുകള് തുറന്ന് പരിശോധിക്കുന്ന തീയതിയ്ക്ക് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ പരിശോധനയ്ക്കായി നിർബന്ധമായും പഞ്ചായത്തില് സമർപ്പിക്കുക.**

- ലൈറ്റുകളുടെ സാമ്പിളുകള് ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ ടെണ്ടറുകള് പരിഗണിക്കുന്നതല്ല.

62/27 - സോളാര് ലൈറ്റുകൾക്ക് എ.എം.സി സ്പെസിഫിക്കേഷൻ

ANERT ന്റെ 16.09.2021 ലെ A.O No.87/2021/ANERT ഉത്തരവ് പ്രകാരമുള്ള ANERT-EMP/SLS-2021-03 നമ്പർ പ്രകാരം എംപാനല് ചെയ്തിട്ടുള്ള

## Solar Street Lightng System Model 2

Solar Module 120 Wp
Batery (Lithium Ferro Phosphate) 700 Wh (+20% permissible)
LED Luminaire 20 W (+20% permissible)
Pole (GI pole coated with rubber paint) Height -6m above ground level, Dia -4"

**Solar Street Model II SPV Module**
(120 Wp)
Insolaton Energy Pvt. Ltd. and Innovatve Solar Solutons Ltd.
LFV12VS120W and INV120 respectvely

**LiFePO4 batery (700 Wh)**
700 Wh: Fusion Power Systems, Shenzhen Lithium Valley Technology, Shenzhen FBTech Electronics Ltd and Shenzhen UBeter Technology Co
Amptek ATLP1224, IFR32650-6000mAh / LVB60 , IFR 32700-6000mAh and 32650-6000mAh resp.

**LED Luminaire** Ammini Energy Systems Pvt Ltd. Sunshine24W
LED Osram GW CSSRM1.PC (2.5W)

- സ്പെസിഫിക്കേഷനിലുള്ള ലൈറ്റുകൾക്കാണ് ഒരു വർഷത്തേയ്ക്ക് എ.എം.സി ലഭ്യമാക്കേണ്ടത്. നിലവിൽ പ്രവർത്തനക്ഷമമായവയും, നിലവിൽ പ്രവർത്തന രഹിതമായവയും ടെണ്ടര് ലഭിക്കുന്ന സ്ഥാപനം പ്രവർത്തനക്ഷമമാക്കേണ്ടതും ഒരു വർഷം കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്, ലൈറ്റുകൾ, സോളാർ പാനൽ, ബാറ്ററി, സർക്യൂട്ടുകള്, പോസ്റ്റുകൾ അടക്കം മുഴുവന് ഉപകരണങ്ങളും എ.എം.സിയിൽ ഉൾക്കൊള്ളണം. ലൈറ്റുകൾ പോസ്റ്റുകള് അടക്കം പുതിയ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ ആയതിന് പ്രത്യേകം നിരക്ക് രേഖപ്പെടുത്തണം. ഒരു സോളാർ ലൈറ്റിന് എ.എം.സി യ്ക്ക് വേണ്ടിയുള്ള ആകെ നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടറില് വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. കരാർ ലഭിക്കുന്ന വ്യക്തി/ സ്ഥാപനം ആകെ കരാർ തുകയുടെ 10 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി

നൽകേണ്ടതാണ്. കരാറുകാരൻറെ അപാകതകൾമൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെയോ, കെ.എസ്.ഇ.ബിയുടെയോ വസ്തുവകകൾക്കുണ്ടാകുന്ന തകരാറുകൾ/ നഷ്ടങ്ങൾ, പിഴകൾ ഉടങ്ങിയവയുള്ള തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് വസൂലാക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. കരാർ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്കോ, കരാര് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്കോ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പലിശയില്ലാതെ, ക്ലെയിമുകൾ ഉണ്ടെങ്കില് ആയത് കുറച്ച ശേഷം ബാക്കി കരാറുകാരന് മടക്കി നൽകുന്നതാണ്.

## നിർദ്ദേശങ്ങള്

1. ദർഘാസുകള് പ്രവർത്തിയുടെ പേര് ആലേഖനം ചെയ്ത് മുദ്രവച്ച കവറില് സമർപ്പിക്കണം.

2. ദർഘാസുകള് തപാലില് രജിസ്റ്റര് ചെയ്ത് അയക്കുകയോ സ്പീഡ് പോസ്റ്റില് അയക്കുകയോ ചെയ്യാവുന്നതാണ്. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ടെണ്ടർ സ്വീകരിക്കുന്ന ആള് ഉത്തരവാദിയല്ല.

3. യാതൊരു കാരണവും കാണിക്കാതെ ദർഘാസുകള് നിരസിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

4.ടെണ്ടറിനോപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട പ്രാഥമിക കരാര് ഉടമ്പടി ,നിരതദ്രവ്യം പഞ്ചായത്തിൽ അടച്ച രസീത് / ദേശസാൽകൃത ബാങ്കില് സ്ഥിര നിക്ഷേപം സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തിയത് എന്നിവയിലൊന്ന് ഹാജരാക്കണം.

5.ടെണ്ടറിനോപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട പ്രാഥമിക കരാര് ഉടമ്പടി, നിരതദ്രവ്യം പഞ്ചായത്തില് അടച്ച രസീത്/ ദേശസാൽകൃത ബാങ്കില് സ്ഥിര നിക്ഷേപം സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തിയത് എന്നിവയിലൊന്ന് ഹാജരാക്കണം.

7. കേരള സർക്കാര്, തദ്ദേശ സ്വയംഭരണ വകുപ്പിൻറെ 15/9/2012 ലെ 3055/ഡിഎ3/2011/തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകള് പ്രകാരമാണ് പ്രവൃത്തികള് നടപ്പിലാക്കേണ്ടത്.

8.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കല് പ്രവർത്തിയില് ഏർപ്പെടുന്നവരുടെ ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച ബാധ്യത പൂർണ്ണമായും കരാറുകാരനായിരിക്കും.

9. ദർഘാസ് ദിവസം ഏതെങ്കിലും കാരണത്താല് അവധിയാകയാല് അടുത്ത ദിവസം പറഞ്ഞിട്ടുള്ള സമയങ്ങളിൽ ദർഘാസുകള് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

10. കൂടുതൽ വിവരങ്ങള് വെബ് സൈറ്റില് നിന്നോ, പഞ്ചായത്ത് ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

Chempu Grama Panchayat Office
Brahmamangalam P.O.

N. ANOOP (PEN 577570)
Secretary
Chempu Grama Panchayat
Brahmamangalam P.O. PIN - 686605
Mob: 9496044605